"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - ഡബ്ല്യു. പി. (സി) 41904/2018 നമ്പർ കേസിന്മേലുള്ള വിധി നടപ്പിലാക്കുന്നതിലേയ്ക്കായി കേരള സംസ്ഥാന വികലാംഗക്ഷേമ കോർപറേഷനിലെ ജീവനക്കാരിയായ ശ്രീമതി രാജാംബിക. സി. എസ്.-നു പ്രോജക്ട് അസിസ്റ്റന്റ് തസ്തികയിൽ നിന്ന് ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് സ്ഥാനകയറ്റം നൽകിയ വികലാംഗക്ഷേമ കോർപറേഷന്റെ നടപടി സാധൂകരിച്ച കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.233/2023/SJD തീയതി,തിരുവനന്തപുരം, 25-11-2023

---

പരാമർശം:-

1. ശ്രീമതി രാജാംബിക. സി. എസ്. ബഹു കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യു. പി. (സി) 41904/2018 നമ്പർ കേസിന്മേലുള്ള 26.09.2022-ലെ വിധി.
2. ശ്രീമതി രാജാംബിക. സി. എസ്. ബഹു കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത കൺട്ടംമറ്റ് കേസ്സ് (സിവിൽ) നമ്പർ. 363/2023.
3. കേരള സംസ്ഥാന വികലാംഗക്ഷേമ കോർപറേഷൻ ബഹു കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് അപ്പീൽ 487/2023-ന്മേലുള്ള 07.07.2023-ലെ അന്തിമവിധി.
4. കേരള സംസ്ഥന വികലാംഗ ക്ഷേമ കോർപറേഷന്റെ 29.09.2023-ലെ 118/എ4/2023/വി.ക്ഷേ.കോ നമ്പർ നടപടി ഉത്തരവ്
5. കേരള സംസ്ഥന വികലാംഗ ക്ഷേമ കോർപറേഷന്റെ 09.10.2023 ലെ 98/06/എ4/2023/വി.ക്ഷേ.കോ നമ്പർ കത്ത്
6. 01.11.2023-ലെ സ.ഉ (അച്ചടി) 7/2023/സാ.നീ.വ നമ്പർ സർക്കാർ ഉത്തരവ്

**ഉത്തരവ്**

കേരള സംസ്ഥന വികലാംഗക്ഷേമ കോർപറേഷനിലെ ജീവനക്കാരിയായ ശ്രീമതി രാജാംബിക. സി. എസ്. ടിയാരിയെ പ്രസ്തുത കോർപ്പറേഷനിലെ പ്രോജക്ട് അസിസ്റ്റന്റ് തസ്തികയിൽ നിന്ന് ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് സ്ഥാനകയറ്റം നൽകുന്നതിനു ഉത്തരവ് പുറപ്പെടുവിക്കണമെന്ന ആവശ്യവുമായി ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യു. പി. (സി) 41904/2018 നമ്പർ കേസിൽ പരാതിക്കാരിയായ ശ്രീമതി രാജാംബിക. സി. എസ്.-നെ പ്രോജക്ട് അസിസ്റ്റന്റ് തസ്തികയിൽ നിന്ന് ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് 25.06.2019 തിയതി പ്രാബല്യത്തിൽ സ്ഥാനകയറ്റം നൽകി രണ്ടാഴ്ച്ചക്കകം ഉത്തരവ് പുറപ്പെടുവിക്കുവാനും, 25.06.2019 മുതലുള്ള ആനുകൂല്യങ്ങൾ ഒരു മാസത്തിനുള്ളിൽ ടിയാരിക്ക

നൽകുവാനും ബഹു കോടതി പരാമർശം ഒന്ന് (1 ) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. ബഹു ഹൈക്കോടതിയുടെ മേൽ ഉത്തരവിനെതിരെ കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ റിട്ട്-അപ്പീൽ 487/2023 നമ്പറായി ഫയൽ ചെയ്തു. വികലാംഗ ക്ഷേമ കോർപ്പറേഷൻ ഫയൽ ചെയ്ത റിട്ട്-അപ്പീൽ തള്ളുകയും കോടതി ഉത്തരവ് ലഭിച്ച് 25.6.2019 പ്രാബല്യത്തിൽ പരാതിക്കാരിക്ക് ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് രണ്ടാഴ്ചയ്ക്കുള്ളിൽ സ്ഥാനക്കയറ്റം നൽകാനും തുടർന്ന് രണ്ടു മാസത്തിനുള്ളിൽ എല്ലാ സർവ്വീസ് ആനുകൂല്യങ്ങളും നൽകാൻ കോർപ്പറേഷനു നിർദ്ദേശം നൽകുകയും ചെയ്തു കൊണ്ട് പരാമർശം (3) പ്രകാരം ബഹു. ഹൈക്കോടതി അന്തിമവിധി പുറപ്പെടുവിക്കുകയുമുണ്ടായി. ഇതിനിടയിൽ ബഹു ഹൈക്കോടതി വിധി നടപ്പാക്കാത്തതിനെതിരെ ശ്രീമതി രാജാംബിക സി എസ് ബഹു. കേരള ഹൈക്കോടതിയിൽ പരാമർശം (2) പ്രകാരം കോടതിയലക്ഷ്യ ഹർജി ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത കേസിൽ പരാമർശം 1 ലെ വിധി അടിയന്തിരമായി നടപ്പിലാക്കാൻ ബഹു ഹൈക്കോടതി നിർദ്ദേശിക്കുകയുണ്ടായി.

3. കോടതിയലക്ഷ്യ കേസിലെ ബഹു ഹൈക്കോടതി നിർദ്ദേശത്തിൻറെ അടിസ്ഥാനത്തിൽ ശ്രീമതി രാജാംബിക. സി. എസ് നെ പ്രോജക്ട് അസിസ്റ്റന്റ് തസ്തികയിൽ നിന്ന് ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് സർക്കാർ സാധൂകരണത്തിനു വിധേയമായി 25.06.2019 തിയതി പ്രാബല്യത്തിൽ സ്ഥാനകയറ്റം നൽകി കൊണ്ട് വികലാംഗക്ഷേമ കോർപ്പറേഷൻ പരാമർശം (4) പ്രകാരം നടപടി ഉത്തരവ് പുറപ്പെടുവിച്ചു. ടി നടപടി സാധൂകരിക്കണമെന്ന് പരാമർശം (5) പ്രകാരം കോർപ്പറേഷൻ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വികലാംഗക്ഷേമ കോർപറേഷന്റെ നിയമന (നിയമന രീതിയും യോഗ്യതയും) ചട്ടങ്ങൾ സർക്കാരിന്റെ പരിഗണയിലായിരുന്നു. പ്രസ്തുത നിയമന ചട്ടം അംഗീകരിച്ചാൽ മാത്രമേ ശ്രീമതി രാജാംബിക സി. എസ്.-നു സ്ഥാനക്കയറ്റം നൽകികൊണ്ട് ബഹു. കോടതിയുടെ ഉത്തരവ് നടപ്പിലാക്കുവാൻ സാധിക്കുമായിരുന്നുള്ളൂ. കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപറേഷന്റെ നിയമന (നിയമന രീതി/ യോഗ്യതയും) ചട്ടങ്ങൾ പരാമർശം (6) പ്രകാരം സർക്കാർ ഉത്തരവായി പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ, സംസ്ഥാന വികലാംഗക്ഷേമ കോർപറേഷനിലെ ജീവനക്കാരിയായ ശ്രീമതി രാജാംബിക. സി. എസ്-നു പ്രോജക്ട് അസിസ്റ്റന്റ് തസ്തികയിൽ നിന്ന് ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക്, ബഹു ഹൈക്കോടതിയുടെ പരാമർശം 1 പ്രകാരമുള്ള ഉത്തരവ് നടപ്പിലാക്കുന്നതിലേയ്ക്കായി, 25.06.2019 തിയതി പ്രാബല്യത്തിൽ സ്ഥാനകയറ്റം നൽകിയ കോർപ്പറേഷന്റെ പരാമർശം (4) ലെ നടപടി, തസ്തികകളുടെ എണ്ണം വർധിപ്പിക്കാൻ പാടില്ല എന്ന നിബന്ധനയോടു കൂടി സാധൂകരിച്ചു നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിനാൽ ബഹു. ഹൈക്കോടതി വിധി ന്യായം പാലിക്കപ്പെട്ടിരിക്കുന്നു. പരാമർശം 1 ഉത്തരവിലെ നിർദ്ദേശങ്ങൾ കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപറേഷൻ നടപ്പിലാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ദിലീപ് കുമാർ.റ്റി.ഐ

ജോയിന്റ് സെക്രട്ടറി

മാനേജിങ് ഡയറക്ടർ, കേരള സംസ്ഥാന വികലാംഗ ക്ഷേമ

കോർപ്പറേഷൻ, പൂജപ്പുര, തിരുവനന്തപുരം

ശ്രീമതി രാജാംബിക. സി. എസ്., ജൂനിയർ സൂപ്രണ്ട്, കേരള സംസ്ഥാന
വികലാംഗ ക്ഷേമ കോർപറേഷൻ, പൂജപ്പുര, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ & ഇ), കേരളം,
തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ ഡിവിഷൻ,
വിവര പൊതുജനസമ്പർക്ക വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയേറ്റ്,
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)

കരുതൽ ഫയൽ /ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Vipin.s.d.
Date: 25-11-2023 11:43:28
സെക്ഷൻ ഓഫീസർ